"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- പുനർഗേഹം പദ്ധതി- കാസർഗോഡ് ജില്ലയിലെ കോയിപ്പാടിയിലെ 144 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഘടക ചെലവ് പരിഷ്ക്കരണത്തിനും (Component Price Revision) അപ്രകാരം സാങ്കേതികാനുമതി നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.909/2024/F&P തീയതി,തിരുവനന്തപുരം, 31-12-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം.657/2022/മതുവ തീയതി: 21/10/2022.
2. സ.ഉ (സാധാ) നം.165/2022/മതുവ തീയതി: 24/03/2024.
3. സ.ഉ (സാധാ) നം.657/2022/മതുവ തീയതി: 21/10/2022.
4. ഫിഷറീസ് ഡയറക്ടറുടെ 03/07/2024, 05/07/2024 എന്നീ തീയതികളിലെ ഡി.എഫ്.ടി.വി.എം/1667/2021- എസ്1 പി.ഐ.യു നമ്പർ കത്ത്.

**ഉത്തരവ്**

പുനർഗേഹം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ കോയിപ്പാടിയിലെ 144 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് **23.20 കോടി രൂപ**യുടെ ഭരണാനുമതി (GST നിരക്ക് 18% വർദ്ധിപ്പിച്ചതിനെ തുടർന്ന് ഭരണാനുമതി 23.20 കോടി രൂപയായി പരിഷ്ക്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) തുടർന്ന് പ്രവൃത്തി നിർവഹിക്കുന്നതിനായി 23.20 കോടി രൂപയുടെ സാങ്കേതിക അനുമതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നൽകുകയും പ്രസ്തുത സാങ്കേതിക അനുമതിയിൽ വൈദ്യുതീകരണ പ്രവൃത്തിയ്ക്കായി 67,50,000/- രൂപയുടെ എൽ.എസ്. പ്രൊവിഷൻ നൽകിയിരുന്നതായും ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, വൈദ്യുതീകരണ പ്രവൃത്തിയ്ക്കായി KSEB ചാർജ്ജ് ഉൾപ്പെടെ 1.55 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയർ നിലവിൽ തയ്യാറാക്കിയിട്ടുള്ളതെന്നും ടി തുക ഭരണാനുമതി തുകയിൽ ലഭ്യമല്ല എന്നും ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ കോയിപ്പാടി വില്ലേജിൽ നിർമ്മാണം നടക്കുന്ന പുനർഗേഹം അപ്പാർട്ട്മെന്റുകളുടെ വൈദ്യുതീകരണത്തിന് സിവിൽ പ്രവൃത്തികളുടെ സേവിംഗ്സ് തുക ഉപയോഗിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ക്രമീകരിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അറിയിച്ചിട്ടുണ്ട്.

3) സാങ്കേതികാനുമതി പരിഷ്ക്കരിച്ച് നൽകേണ്ടത് തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായതിനാലും ഭരണാനുമതി തുകയിൽ ആവശ്യത്തിന് നീക്കിയിരുപ്പ് ഉള്ളതിനാലും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും പരിഗണിച്ച് ഘടക ചെലവ് പരിഷ്കരിച്ച് ഉത്തരവും (component price revision) അപ്രകാരം സാങ്കേതികാനുമതി നൽകുന്നതിനുള്ള അനുമതിയും നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർഗേഹം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിലെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്ന 144 ഫ്ലാറ്റുകളുടെ വൈദ്യുതീകരണ പ്രവൃത്തിക്കായി സിവിൽ പ്രവൃത്തിയുടെ നീക്കിയിരുപ്പ് തുകയിൽ നിന്ന് 1.55 കോടി രൂപയുടെ ഘടക ചെലവ് പരിഷ്ക്കരണത്തിനും (Component Price Revision) അപ്രകാരം സാങ്കേതികാനുമതി നൽകുന്നതിനും ചുവടെ പറയുന്ന നിരീക്ഷണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

**<u>നിരീക്ഷണങ്ങൾ :</u>**

1. സിവിൽ ടെക്നിക്കൽ അനുമതി പ്രകാരം 144 ഫ്ളാറ്റുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്, എന്നാൽ സൈറ്റിൻ്റെ അവസ്ഥയും അപ്പാർട്ട്മെൻ്റുകളുടെ അരികിലൂടെ പൊതുവഴിയും നൽകുന്നതിനായി ഒരു ബ്ലോക്ക് കുറച്ചതിനാൽ മൊത്തം ഫ്ളാറ്റുകളുടെ എണ്ണം 120 ആയി. അപ്പാർട്ട്മെൻ്റിൽ മൂന്ന് നിലകളിലായി 24 ഫ്ലാറ്റുകൾ ഉണ്ട്. ഓരോ നിലയിലും 8 അപ്പാർട്ടുമെൻ്റുകൾ ഉണ്ട്.

2. 1 2 0 ഫ്ലാറ്റുകളുടെ വൈദ്യുതീകരണത്തിനാണ് ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഓരോ അപ്പാർട്ടുമെൻ്റിലും രണ്ട് കിടപ്പുമുറികൾ, അടുക്കള, ഹാൾ, കോമൺ ടോയ്ലറ്റ് എന്നിവയുണ്ട്. എസ്റ്റിമേറ്റിൽ ആവശ്യത്തിന് ലൈറ്റ്, ഫാൻ, പ്ലഗ് പോയിൻ്റുകൾ എന്നിവയുണ്ട്. ലൈറ്റിൻ്റെ വിതരണവും ഇൻസ്റ്റലേഷനും, ഫാൻ ഫിക്സ്ചറുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഈ എസ്റ്റിമേറ്റിൽ വിതരണത്തിനായി പ്രത്യേക സിംഗിൾ ഫേസ് വിതരണ ബോർഡ് എല്ലാ ഫ്ലാറ്റിലും നിർദ്ദേശിക്കുന്നു. ഓരോ ഫ്ലാറ്റിലെയും വൈദ്യുതീകരണ സംവിധാനത്തിൻ്റെ സംരക്ഷണത്തിനായി ആർ സി സി ബി യും, എം സി ബി യും ഐസൊലേറ്ററും നൽകിയിട്ടുണ്ട്. പുറത്ത് ലൈറ്റിംഗിനായി ബൾക്ക് ഹെഡ് ഫിക്സ്ചറുകൾ ഓരോന്നിനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. KSEB സപ്ലൈ 3 ഫേസ് മീറ്ററിംഗ് പാനൽ വഴി വിതരണം ചെയ്യുകയും ചെയ്യുന്നു. ഓരോ യൂണിറ്റിലും ആറ് ഫ്ളാറ്റുകൾക്ക് ഒരു മീറ്ററിംഗ് പാനൽ എന്നതിനാണ് നിർദേശം. ഓരോ ത്രീ ഫേസ് മീറ്ററിംഗ് പാനലിനും പ്ലേറ്റ് ഡബിൾ എർത്തിംഗ് സംവിധാനം നിർദ്ദേശിക്കുന്നു.

4. എല്ലാ വൈദ്യുതീകരണ പ്രവർത്തനങ്ങളും വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള വ്യവസ്ഥ എസ്റ്റിമേറ്റിലുണ്ട്.

5. കെഎസ്ഇബി കണക്ഷൻ ചാർജും എച് ടി സ്റ്റാറ്റ്യൂട്ടറി ഫീസും എൽ എസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>**നിർദേശം :**</u>

1. സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പ് എസ്റ്റിമേറ്റിൽ നൽകിയിരിക്കുന്ന അളവുകളുടെ കൃത്യത ടെക്നിക്കൽ സാംക്ഷൻ അതോറിറ്റി ഉറപ്പാക്കേണ്ടതാണ്.

2. എൽ എസ് ആയി കാണിച്ചിട്ടുള്ള 40 ലക്ഷം രൂപക്ക് കെ എസ് ഇ ബി യിൽ നിന്നും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങേണ്ടതാണ്.

3 . എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവൃത്തികൾ വിഭാവനം ചെയ്ത ആവശ്യകതകൾ നിറവേറ്റുന്നുവെന്ന് ഉറപ്പാക്കുന്നതിനും നിർദ്ദിഷ്ട വർക്കുകളുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം കണ്ടെത്തുന്നതിന് ശരിയായ സംവിധാനം രൂപീകരിച്ച് ഫിഷറീസ് ഡയറക്ടർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

4. ഡിഎസ്ആറിൽ സ്റ്റാൻഡേർഡ് ഡാറ്റ ലഭ്യമല്ലാത്ത ഇനങ്ങൾക്ക് മാത്രമേ ഒബ്സർവ്ഡ് ഡാറ്റകൾ നൽകിയിട്ടുള്ളൂ എന്ന് ടിഎസ് അതോറിറ്റി ഉറപ്പാക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K S SRINIVAS**
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ (വനിതാ ശിശു വികസനം) വകുപ്പ് (12/11/2024-ലെ 2872566/WCD-2/154/2024-FIN നമ്പർ കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by Sabitha Shiju
Date: 01-01-2025 10:40:55